വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് അന്താരാഷ്ട്ര ഫൈനാൻസിംഗ് ഏജൻസികളിൽ നിന്നും ധനസഹായം

52 (1740) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് അന്താരാഷ്ട്ര ഫൈനാൻസിംഗ് ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഏജൻസികളിൽ നിന്ന് എന്തുതുക വീതം ലഭിക്കുന്നുണ്ട് ;

(സി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് പ്രസ്തുത തുക ലഭിക്കുന്നത് ?

ഉത്തരം

(എ) ഇല്ല, ഇതിനുവേണ്ടി ശ്രമം നടക്കുന്നുണ്ട്.

(ബി&സി) തിരുവനന്തപുരത്തെ തീരപഥം പ്രോജക്ടിനുവേണ്ടി Japan Bank for International Co-operation സഹായത്തിനുവേണ്ടി ശ്രമിക്കുന്നുണ്ട്.

ടൂറിസം പദ്ധതിക്ക് പൊതുസ്ഥലം നൽകുന്നത് സംബന്ധിച്ച നടപടി

53 (1741) ശ്രീ. സാജു പോൾ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ സ്വകാര്യ ടൂറിസം സംരംഭകർക്ക് സ്ഥലസൗകര്യം നൽകുന്നത് സംബന്ധിച്ച നയം വെളിപ്പെടുത്താമോ ;

(ബി) ഏതെങ്കിലും സ്വകാര്യ ടൂറിസം സംരംഭകർക്ക് സ്ഥലസൗകര്യം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ടൂറിസം വകുപ്പിനോട് ഹോട്ടൽ നിർമ്മിക്കുന്നതുൾപ്പെടെ ഏതെങ്കിലും ടൂറിസം പദ്ധതിക്ക് സ്ഥലം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly